# എ കെ കെ ആർ ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ
# ചേളന്നൂർ

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 -26

## ആമുഖം

ഒരു നാടിന്റെ സാമൂഹികവും സാംസ്കാരികവുമായ പുരോഗതിയെ നിർണ്ണയിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങളാണ് വിദ്യാലയങ്ങൾ .വിദ്യഭ്യാസ സൗകര്യങ്ങൾ വളരെ പരിമിതമായ ഒരു കാലഘട്ടത്തിൽ മലബാറിൽ ആരംഭിച്ച ഏക ഹൈസ്കൂളാണിത്. 1957 ജൂൺ 3 ന് 241 ആൺ കുട്ടികളും 61 പെൺകുട്ടികളുമടക്കം 302 വിദ്യാർത്ഥി കളുമായിട്ടാണ് ഈ വിദ്യാലയം പ്രവർത്തനമാരംഭിച്ചത്. ചേളന്നൂരിലെ തച്ചനാത്ത് കുടുംബാംഗങ്ങൾ സൗജ ന്യമായി നൽകിയ ഏക്കറോളം വരുന്ന സ്ഥലത്താണ് ഈ വിദ്യാലയ സമുച്ചയം സ്ഥിതിചെയ്യുന്നത്. പ്രഗത്ഭനായ അധ്യാപകൻ, വിദ്യാഭ്യാസ വീക്ഷണങ്ങൾ, നിയമസഭ സാമാജികൻ എന്നീ നിലകളിലെല്ലാം വ്യക്തി മുദ്ര പതിപ്പിച്ച ഏ.കെ.അപ്പുമാസ്റ്ററായിരുന്ന ഈവിദ്യാലയത്തിന്റെ സ്ഥാപകനും മാനേജരും. അന്തരിക്കുന്നതുവരെയും മാനേജരായിരുന്ന അദ്ദേഹത്തിന്റെ ദീർഘ വീക്ഷണവും അവുഭവസമ്പത്തുമാണ് ഈസ്ഥാപനത്തിന്റെ വളർച്ചയ്ക്ക് സഹായിച്ചത്. 1957 മേയ് 19-ാം തിയ്യതി അന്നത്തെ കോഴിക്കോട് ജില്ലാകലക്ട റായിരുന്ന ബഹു:കെ.കെ രാമൻ സ്കൂൾ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തുകയും 1957 ജൂൺ 2 ന് അന്നത്തെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ കെ. നാരായണൻ നമ്പ്യാർ പണി പൂർത്തീകരിച്ച് ഒന്നാം ബ്ലോക്കിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.1958 ആഗസ്റ്റ് 2 ന് 10-ാം ക്ലാസ്സ് തുങ്ങാൻ അനുമതിലഭിച്ചു. 1959 ൽ 27 ആൺകുട്ടികളും 5 പെൺകുട്ടികളു മടങ്ങുന്ന ആദ്യ ബാച്ച് എസ്. എസ്.എൽ.സി പരീക്ഷ എഴുതുകയും ചെയ്തു.

302 കുട്ടികളുമായി ആരംഭിച്ചഈ വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം 1500 ൽ കവിയുകയും അതിനെതുടർന്ന് പ്രവർത്തന സൗകര്യാർത്ഥം സ്കൂൾ ബോയ്സ്, ഗേൾസ് സ്കൂളുകളായി വിഭജിക്കുകയുംചെയ്തു.2000 ത്തിൽ ഗേൾസ് ഹൈസ്കൂളിൽ +2 കോഴ്സ് അനുവധിക്കപ്പെട്ടു. നിരവധി ഹെഡ് മാസ്റ്റർമാർ ഈകാലഘട്ടങ്ങളിൽ സ്ഥാപനത്തിന്റെ പുരോഗതിക്കായി അഹോരാത്രം പ്രയത്നിച്ചിട്ടുണ്ട്. ഇപ്പോൾ ഈ സ്ഥാപനത്തിൽ കെ.മനോജ്കുമാർ ഷീജ.ബി.എസ് പ്രധാനാധ്യാപികയായും ചുമതലകൾ വഹിക്കുന്നു. അപ്പുമാസ്റ്ററുടെ നിര്യാണത്തെ തുടർന്ന് അദ്ദേഹത്തിന്റെ സഹധർമ്മിണി കെ. പാഞ്ചാലിയായിരുന്നു ഈ വിദ്യാലയത്തിന്റെ മാനേജർ, അവരുടെ നിര്യാണത്തെ തുടർന്ന് മകൾ എ.കെരമണിയാണ് ഇപ്പോഴത്തെ മാനേജർ · കൂടാതെ കാലാകാലങ്ങളിൽ പി.ടി.എ കമ്മറ്റികൾ എടുത്തുപറയത്തക്ക പുരോഗതിയിൽ സ്ഥാപനത്തെ എത്തിക്കാൻ അഹോരാത്രം പ്രയത്നിച്ചിട്ടുണ്ട്.

## അക്കാദമികമാസ്റ്റർപ്ലാൻ രൂപീകരണപ്രക്രിയ

സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളും അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായുള്ള സമഗ്രസ്കൂൾ വികസനരേഖ തയ്യാറാക്കുന്നതിന് പി.ടി. എ പ്രസിഡന്റിന്റെ നേതൃത്വത്തിൽ യോഗം വിളിച്ച ചേർത്തു .സ മൂഹത്തിന്റെ മുഴുവൻ മേഖലയിൽ നിന്നും അഭിപ്രായങ്ങളും സ്വീകരിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനിച്ചു. പൊതുമേഖലകൾ തയ്യാറാക്കാൻ അധ്യാപകർ,വികസനസമിതി അംഗങ്ങൾ എന്നിവരെ ഗ്രൂപ്പുകളാക്കി ചുമതലകൾ നൽകി. വിഷയമേഖലയുമായി ബന്ധപ്പെട്ട് ഓരോ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകരെ ചുമതലപ്പെടുത്തി. എസ് ആർ ജി മീറ്റിംഗ് കൂടുകയും പരിശീലനം ലഭിച്ച അധ്യാപകർ മാസ്റ്റർപ്ലാൻ രൂപീകരണത്തെ ക്കുറിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും, സ്കൂളിന്റെ സമഗ്രപുരോഗതിക്കാവശ്യമായ ഒരുവികസന രേഖ തയ്യാറാക്കാൻ തീരുമാനിക്കുകയും ചെയ്തു.

## നേട്ടങ്ങൾ

നിലവിലെ സൗകര്യങ്ങൾ പ്രയേജനപ്പെടുത്തി ഒരുപാട് നേട്ടങ്ങൾ കൊയ്യാൻ നമുക്ക് സാധിച്ചിട്ടുണ്ട് സബ്ജില്ല, ജില്ല, സംസ്ഥാനതലത്തിൽ നമ്മുടെ കുട്ടികൾക്ക് വിവിധസമ്മാനങ്ങൾ ലഭിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ 10- വർഷമായി വഞ്ചിപ്പാട്ട് മത്സരത്തിൽ നമ്മുടെ കുട്ടികൾക്ക് 1-ാം സ്ഥാനം നിലനിർത്തിവരുന്നു.സ്പോട്സ് വിഭാഗത്തിൽ കബഡിയിൽ നമ്മുടെ കുട്ടികൾ സംസ്ഥാനതലത്തിൽ മത്സരത്തിന് യോഗ്യത നേടിയിട്ടുണ്ട്.

വർഷങ്ങളായി എസ്.എസ്.എൽ.സി പരീക്ഷയിൽ മെച്ചപ്പെട്ട വിജയശതമാനം (സബ്ജില്ലതലത്തിൽ ) നിലനിർത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷം 100% വിജയവും, 28 ഫുൾ എ പ്ലസ് ഉം നേടാൻ സാധിച്ചു.

കലാപഠനത്തിനായി ആട്സ്റും, സ്കൂൾലൈബ്രറി,പി.ടിഎ അംഗങ്ങൾക്കായി പി.ടി.എ റൂം സ്മാർട്ട് ക്ലാസ്റൂം എന്നിന ലഭ്യമാണ്.എസ്.പി.സി,ജെ.ആർ.സി, എൻ.എസ്.എസ് ,ലിറ്റിൽ കൈറ്റ് ,എന്നിവയുടെ പ്രവർത്തനം സുഗമമായി നടക്കുന്നു.

കലാ കായിക - പ്രവർത്തിപരിചയ പഠനത്തിൽ കുട്ടികൾക്ക് പ്രത്യേകപരിശീലനം നൽകിവരുന്നു

ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന അധ്യാപാകർ,അർപ്പണ ബോധമുള്ള പി.ടി.എ, ആവശ്യത്തിനുള്ള സ്ഥലലഭ്യത, മികച്ച ഉച്ചഭക്ഷണ സംവിധാനം, ഐ.ടി.ലാബ് എന്നിവ ഈ സ്ഥാപനത്തിന്റെ മുതൽക്കൂട്ടാണ്.

2025 -26 അക്കാദമിക വർഷം യു പി വിഭാഗത്തിൽ 125 വിദ്യാർത്ഥികളും ഹൈസ്കൂൾ വിഭാഗത്തിൽ 290 വിദ്യാർത്ഥികളും അധ്യയനം നടത്തിവരുന്നു.

യു പി , ഹൈസ്കൂൾ വിഭാഗങ്ങളിൽ 24 അധ്യാപകരും 4 ഓഫീസ് ജീവനക്കാരും പ്രവർത്തിച്ചുവരുന്നു.

# മലയാളം - അക്കാദമിക മാസ്റ്റർ പ്ലാൻ

**ആമുഖം**

കുട്ടികളുടെ വികസനമാണ് ഓരോ രക്ഷിയാവും അഗ്രഹിക്കുന്നത്. കുട്ടികളുടെ ശാരീരികവും മാനസീകവും വൈജ്ഞാനികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകളാണ് നാം ലക്ഷ്യമിടുന്നത് ഈ വർഷം ജൂൺ മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളിവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യത കളുള്ളതുമായ പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്.

ലക്ഷ്യം-ക്ലാസിലെ മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ വായിക്കാനും എഴുതുവാനും പഠിപ്പിക്കൽ

( ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ )

പ്രവർത്തന പദ്ധതികൾ

**ജൂൺ-**

1-വിജയ സ്പർശം

2-പ്രി ടെസ്റ്റ് നടത്തുന്നു

3-അവലോകനം നടത്തൽ

4- വിവിധ നിലവാരക്കാരെ കണ്ടെത്തുന്നു

5-ക്ലാസ് പി ടി എ നടത്തുന്നു

ജൂലൈ- 1-ചിത്രം. വീഡിയോ തുടങ്ങിയവ കാണിക്കുന്നു

2-വീഡിയോവിൽ കണ്ട കാര്യങ്ങൾ പറയിപ്പിക്കുന്നു

3-ഓരോന്നിൻറെയും പേരുകൾ പറയുന്നു ...

സപ്തംബർ-1-കഥ അവതരിപ്പിക്കുന്നു

2-ചോദ്യങ്ങൾ ഉത്തരങ്ങൾ കണ്ടെത്തുന്നു

3-കഥയിലെ കഥാപാത്രങ്ങളുടെ ചിത്രങ്ങൾ വരക്കുന്നു. പേര് എഴുതുന്നു.

ഒക്ടോബർ-1-വളരുന്ന വാക്യങ്ങൾ രൂപപെടുത്തൽ

2-ചിത്രങ്ങൾ നോക്കി പേരെഴുതൽ

മല, വലിയ മല, മരങ്ങളുള്ള വലിയ മല

3-ഇതുപോലുള്ള മറ്റ് വാക്യങ്ങൾ സ്വയം കണ്ടെത്തി എഴുതൽ

നവംമ്പർ-1-ചിഹ്നങ്ങൾ ഉറപ്പിക്കൽ

2-ICT-ചിത്രം കാണിക്കുന്നു.വാക്യങ്ങൾ എഴുതൽ

3-പരിചിതമായ വാക്യങ്ങൾ ചിഹ്നങ്ങൾ ഇല്ലാതെ നൽകൽ

4-ഉചിതമായ ചിഹ്നങ്ങൾ ചേർക്കാൻ അവസരം നൽകുന്നു.

ഡിസംബർ-1-ലളിതമായ വായനാ കാർഡുകൾ അധ്യാപികയുടെ സഹായത്തോടെ വായിക്കൽ

2-സ്വയം വായിക്കാനുള്ള അവസരം നൽകൽ

ജനുവരി-1-അധ്യാപിക തയ്യാറാക്കിയ കഥ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു

2-കുട്ടികൾക്ക് വായിക്കാൻ അവസരം നൽകുന്നു

3-കഥയിലെ കഥാപാത്രങ്ങൾ പറയിപ്പിക്കുന്നു

4-ചെറിയ ചെറിയ വാക്യങ്ങൾ ഉപയോഗിച്ച് കഥ സ്വയം നിർമ്മിക്കുന്നു

ഫിബ്രവരി-1-കഥാ ചിത്രങ്ങൾ ഡിജിറ്റൽ സാധ്യതകൾ ഉപയോഗിച്ച് കാണിക്കുന്നു

2-ചിത്രങ്ങളെ അടിസ്ഥാനമാക്കി കുട്ടികൾ കഥ എഴുതുന്നു

3-കഥാ പതിപ്പ് തയ്യാറാക്കുന്നു

മാർച്ച്- 1-ക്ലാസ് പി ടി എ നടത്തുന്നു

2-വായനയിലും എഴുത്തിലും കുട്ടിയുടെ നിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു

3. മികവുകൾ പരിചയപ്പെടുത്തുന്നു

4. അവതരിപ്പിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ - സംസ്കൃതം

## പ്രതീക്ഷിത നേട്ടങ്ങൾ

1.പൗരബോധം,മാനവികത ,പരിസ്ഥിതി സംരക്ഷണം, മൂല്യബോധം, തുടങ്ങിയവ വളർത്താനുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണം

2.അക്ഷര പഠനം

3.സംസ്കൃത സംഭാഷണപരിചയം

4.വാക്യരചനാ സാമർത്ഥ്യം

5.കവിതാലാപനം സുഭാഷിതാവതരണം

6.ഡിജിറ്റൽ മാഗസിൻ

7.സാങ്കേതികവിദ്യ ഉപയോഗിച്ച് ചിത്രീകരണം

| മേഖല | പദ്ധതിയുടെ പേര് | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| കേൾവി വായന | ലേഖനം സംഭാഷണം | അക്ഷരപരിചായനം,സംഭാഷണപരിചയം, ഭിത്തിപത്രിക നിർമ്മാണം,പരിസ്ഥിതിദിനം, സംസ്കൃതസമിതി രൂപീകരണം | ജൂൺ 2- 15<br>ജൂൺ 20 |
| സംഘാടനം | പരിശീലനം | അക്ഷരശ്ലോകസമിതി ഉദ്ഘാടനം അക്ഷരശ്ലോകപഠനം,സംസ്കൃതോത്സവ ഇന പരിചായനം,യോഗാപരിശീലനം | ജൂലൈ<br>ജൂലൈ |
| പ്രദർശനം | ലേഖനം സംഭാഷണം | യോഗാപ്രദർശനം,ആദികാവ്യാമൃതം, പ്രശ്നോ ത്തരം, സംസ്കൃതദിനാചരണം,രചനാശിൽപ്പശാല | ആഗസ്റ്റ് 9 |

| | | | |
|---|---|---|---|
| നിർമ്മാണം അവതരണം | കലാ പഠനം | നാടകശില്പശാല, ഡിജിറ്റൽ മാഗസിൻ പ്രവർത്തനം | സെപ്റ്റംബർ |
| | | സംസ്കൃത കലോത്സവ മത്സരങ്ങൾ സേവന പ്രവർത്തനം പ്രഭാഷണ മത്സരം | ഒക്ടോബർ |
| പരിശീലനം | | ധിഷണാ പരീക്ഷ (സ്കോളർഷിപ്പ് )പരിശീലനം ക്ലാസ് തലം സ്കൂൾ തലം | നവംബർ |
| | സംഭാഷണ ശിബിരം | സംസ്കൃത സംഗമ : (ശില്പശാല) | ഡിസംബർ 6 |
| വിനോദം | | സംസ്കൃത പഠനയാത്ര | ജനുവരി 1-7 |
| | | വാർഷിക പരീക്ഷ മോഡൽ പരീക്ഷ പുനസ്മരണം റിവിഷൻ | ഫെബ്രുവരി |
| | | വാർഷിക പരീക്ഷ | മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ – അറബിക്ക്

പ്രവത്തനപദ്ധതി മാർഗരേഖ

| ലക്ഷ്യം | പ്രവർത്തനഘട്ടം | കാലം |
|---|---|---|
| ആശയവിനിമയ ശേഷി വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ | ഓഡിയോ, വീഡിയോ സംഭാഷണം,സിനിമ ഇവ മുഖേന അറബിഭാഷ കേൾക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കൽ വിവിധ സംന്ദർഭങ്ങൾ ക്ലാസ് റൂമിൽ സൃഷ്ടിച്ച് സംഭാഷണം ,റോൾ പ്ലേ, നാടകം അറബി ന്യൂസ് ഇവനടത്താൻ ശ്രമിക്കുന്നു | ജൂൺ മുതൽ ഓഗസ്റ്റ് വരെ |
| കിറാഅത്ത് അറബിഭാഷയുമായി ബന്ധപ്പെട്ട ചെറുകഥകൾ ,കവിതകളുടെ വായന കുട്ടികളിൽ വളർത്തി എടുക്കുക | ക്ലാസ് ലൈബ്രറിയിലെയ്ക്ക് അറബി പുസ്തകശേഖരണം പുസ്തകവായന ,അനുഭവക്കുറിപ്പ് നിർമ്മാണം കവിത കഥ നിർമ്മാണം പതിപ്പ് തയ്യാറാക്കൽ | രണ്ട് മാസം |
| അറബി ഭാഷാ ലാബ് ഐ സി ടി സഹായത്തോടെ അറബിഭാഷാ പടനം നടത്താനും എ ഐ സംവിദാനങ്ങൾ രൂപപ്പെടുത്താനും ഉപയോഗിത്താനും കുട്ടികളെ പ്രാപ്തമാക്കൽ | ഓഡിയോ വീഡിയോ എന്നിവയുടെ രൂപീകരണം എ ഐ സാങ്കേതികവിദ്യയുടെ പരിശീലനപഠനം വിദ്യാർത്ഥികളിൽ നിന്ന് സൃഷ്ടകൾ രൂപകൽപ്പന ചെയ്യൽ | നാല് മാസം |

# അക്കാദമിക മാസ്റ്റർ പ്ലാൻ – ഉറുദു

## പ്രവത്തനപദ്ധതി മാർഗരേഖ

| ലക്ഷ്യം | പ്രവർത്തനഘട്ടം | കാലം |
|---|---|---|
| പഠേം ആശയ് ബദ്ധേം . ഉർദു വായന | വായനാ മത്സരങ്ങൾ ക്വിസ് ,മത്സരങ്ങൾ ബാലമാസികകൾ വായന കാഡുകൾ തുടങ്ങിയവ വായനയ്ക്ക് ലഭ്യമാക്കൽ | ദിനാചരണങ്ങളിൽ |
| മേരെ അൻഫാസ് | രചനാ സേഷി വളർത്തൽ ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈയ്യെഴുത്ത് എന്നിലക്ഷ്യ പൂർത്തികരണത്തിന് | എല്ലാമാസവും |
| ഒര് ദിനം ഒരറിവ് | ജി കെ വദ്ധിപ്പിക്കുന്നതിന് ദിവസവും ചോദ്യാവലി കെടുക്കുക | എല്ലാദിവസവും |
| ഉർദു പെതുവിജ്ഞാനം വർദ്ധിപ്പിക്കൽ | ക്ലാസ് തലത്തിൽ ക്വിസ് മത്സരം സംഘടിപ്പിക്കുക | എല്ലാ മാസവും |
| ഉർദു ദിനം | ടാലൻറ്റ് മീറ്റ് , അക്ഷര മരം ,എന്റെ പതിപ്പ് | അതാത് ദിനം |
| ഉർദു കെമോത്തിയാം | ഉർദു സാഹിത്യരൂപങ്ങളെയും സാഹിത്യകാരൻമാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക,രചനകൾ പരിചയപ്പെടുത്തുക | വർഷത്തിൽ ഒന്ന് |

# ACADEMIC MASTER PLAN -ENGLISH( H S )

| ACTIVITY | IMPLEMENTATION | DURATION | IN CHARGE |
|---|---|---|---|
| Reading Practice | Pair backward students with good readers .Provide challenging books to the above average students | Daily | English teacher/Class teacher |
| Speaking Sessions | Simplified conversation for backward students:Extempore/public speaking for advanced students | Weekly | English club |
| Writing Practice | Easy guided writing for backward students;Creative writing for high achievers | Monthly | English teachers |
| Home Language  Task | Talk in English with family(basic for slow learners,reports/audio task for others) | Monthly | Class teacher |
| Audio visual Learning | Rhymes/stories for backward;Films,documentaries for above average students | 2 Months | S R G |
| Recognition | Prize Card for backward students;Certificates&prizes for top performers | Ongoing | All teachers |
| Support for Backward students | Identified weak learners,conduct remedial classes,building speaking confidence through English Club | Weekly | English Teacher |
| Skill Day for all | Conduct Language games,reading writing and speaking events for all level learners | One day /month | English Teacher |
| English fest | Organise exhibition with word games,tongue twisters,charts,story telling,poem recitation etc | 3 months | English Teacher |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
* ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
* ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുന്നു .
* ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

## എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും ,വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ഹ്രസ്വം<br>ജൂൺ<br>ജൂലൈ |
| ആഴ്ചയുടെ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യം<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാന് കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിയകൾ തുട വായന പരിശീലനത്തിന് തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ദീർഘം<br>നവംബർ<br>ജനുവരി |

## ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെക ണ്ടെത്തി കൂടുതൽപരിശീലനംനൽന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ഹ്രസ്വം<br>ജൂൺ<br>ജൂലൈ |
| നാമം ,സർവ്വനാമം വിശേഷണം എന്നിവ മനസിലാക്കുന്നു.<br>വാക്യഘടന പരിചയപ്പെടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴഉതുവാനറിയുന്നു . | ചാർട്ടുകൾ നൽകുന്നു അതിൽനിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>കവിത കഥ പൂരിപ്പിക്കുവാൻ നൽകുന്നു സൂചനാ ബോർഡുകൾ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു . | മധ്യം<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു.<br>കവിത വായിച്ച് ഈ സ്വാദനകുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു.<br>വിവിധവിഷയങ്ങൾ നൽകുന്നു.<br>ക്ലാസിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു.<br>ചെറിയ കവിതകൾ നൽകികൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കു വാൻ പറയുന്നു. | ദീർഘം<br>നവംബർ<br>ജനുവരി |

## പത്താംതരം

| | | |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു.<br>സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം<br>ജൂൺ<br>ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു .കുട്ടിയുടെ മികച്ചപങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർ മ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവി ഷ്കരിക്കുന്നു.<br>കഥയെ തിരക്കഥയായി മാറ്റുവാനറിയു ന്നു.<br>സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു<br>ഡയറി എഴുതുവാനറിയുന്നു . | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു.<br>കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br>നവംബർ<br>ജനുവരി |

# അക്കാദമിക മാസ്റ്റർ പ്ലാൻ - സോഷ്യൽ സയൻസ്

പൊതുവായ ലക്ഷ്യങ്ങൾ

1. കുട്ടികളെ ചരിത്രാവബോധം ഉള്ളവരാക്കുക.
2. ജനാധിപത്യബോധം, പൗരബോധം ഇവ വളർത്തുക.
3. ഭൂപടവായന സ്വായത്തമാക്കുന്നതിന്.
4. മൂല്യബോധം വളർത്തുന്നതിലൂടെ ഉത്തമ പൗരന്മാരെ സൃഷ്ടിക്കുന്നതിന്.

**മേഖല - ഹൈസ്കൂൾ - സാമൂഹ്യശാസ്ത്രം**

പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1. പഠിതാക്കളെ ചരിത്രാവ ബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | കാട്ടും മേട്ടും: ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക്\| ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു നിശ്ചയിച്ച തീയ്യതികളിൽ |
| 2. ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടു ബോധം ഇവ വളർത്തുക. | വയൽ കിളികൾ: സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീക രിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു<br>ഒന്നായി നമ്മൾ: സ്കൂൾ പാർലമെന്റ്, മോക്ക് പാർല മെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുന്ന ദിനങ്ങളിൽ |

**മേഖല - ഹൈസ്കൂൾ - സാമൂഹ്യശാസ്ത്രം**

| | | |
|---|---|---|
| സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | സ്റ്റാർട്ട് അപ്പ് സാമൂഹ്യശാസ്ത്ര ലാബുകൾ (ക്രമീക മിക്കുന്നു ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ | വർഷം മുഴുവനും |

| | | |
|---|---|---|
| | കാഴ്ച്ച വെക്കുന്നു. | |
| മതേതരത്വം, സഹി ഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്ത നത്തിലൂടെ വളരുക സാമൂഹ്യ പരിഷ്ക്കർത്താ ക്കളെ പരിചയപ്പെടുക. | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ: സർവ്വേ പ്രൊജക്,ചർച്ചകൾ, സംവാദം, ക്ലാമ്പുകൾ, അഭിമുഖങ്ങൾ എന്നിവ യിലൂടെ കുട്ടി എന്നിവ യിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | വർഷം മുഴുവനും |
| ഭൂപട വായന കുട്ടിക ളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | പട്ടുപാതയിലൂടെ: ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾകുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിരിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിത മാക്കുന്നു. | വർഷം മുഴുവനും |
| കുട്ടികളിൽ ഉന്നത നില വാരം കൈവരിക്കാൻ ഉത കുന്ന പൊതുവിജ്ഞാനം വളർത്തുക | മൈ സിനിമ റൂം: സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കു മിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്റ്റ് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും |
| വ്യത്യസ്ത ഇനം മണ്ണി നെക്കുറിച്ചും, ജലായെങ്ങ ളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെ ടുക എന്ന ലക്ഷ്യം. | ചരിത്ര കൊട്ടാരം: വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹര മാക്കി മാറ്റുന്നു | അക്കാദമിക വർഷം മുഴുവനും |

# അക്കാദമിക മാസ്റ്റർ പ്ലാൻ – ശാസ്ത്രം

**മേഖല – ശാസ്ത്രം**

| ലക്ഷ്യം | പ്രവത്തനം | കാലം |
|---|---|---|
| പാരമ്പര്യേതര ഊർജസ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ നിത്യജിവിതവുമായി ബന്ധപ്പെട്ട വസ്തുക്കൾ നിർമ്മിക്കലും ഉപയോഗിക്കലും | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമായ വൈദ്യുതി ലഭ്യമാക്കൽ , വീട്ടുകളിലും ,സ്കൂളുകളിലും ഉപയോഗിക്കാനുള്ള സോപ്പ് നിർമ്മാണം | ഒരു വർഷം |
| പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേകപരിശീലനം | അധ്യപകൻ – കുട്ടി - കുട്ടി - കുട്ടി ( പിയർ ഗ്രൂപ്പ് ) എന്നിങ്ങനെ രണ്ട് തലത്തിൽ പരിശീലനം | ആഴ്ച്ചയിൽരണ്ട് ദിവസം |
| ശ്സ്ത്ര മാസിക ശ്സ്ത്രപതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ , ലേഖനങ്ങൾ , കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക , ശാസ്ത്രപതിപ്പ് എന്നവ തയ്യാറാക്കൽ | ആറ്മാസത്തിൽ ഒരിക്കൽ |
| ചോദ്യപോപ്പർ ശിൽപ്പശാല സംഘടിപ്പിക്കൽ ,സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചേദ്യപേപ്പർ ശിൽപ്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ | മൂന്ന് മാസം |
| മോഡൽ നിർമ്മാണം ( ശിൽപ്പശാല) | ശാസ്ത്രവുമായി ബന്ധപ്പെട്ട (ജീവശാസ്ത്രം ,ഭൗതികശാസ്ത്രം ,രസതന്ത്രം ) മോഡലുകൾ ശിൽപ്പശാല യിലൂടെ നിർമ്മിക്കൽ | ഒര് മാസം |

**ഉപമേഖല – ശാസ്ത്രം**

| ലക്ഷ്യം | പ്രവത്തനം | കാലം |
|---|---|---|
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ യുള്ള കുട്ടികളുടെ അവതരണം പരീക്ഷണ കളരി - പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ | വർഷത്തിൽ ഒര് തവണ |

| | | |
|---|---|---|
| | 2. സ്കൂൾ തല സയൻസ് എക്സിബിഷൻ<br>3. ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തുകൊണ്ടുള്ളപഠനം , സർവ്വെ ,അഭിമുഖം ,നിരീക്ഷണം | വർഷത്തിൽ ഒര് തവണ |
| | | |
| ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പ് വരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവതി പ്രോത്സാഹനം നൽകൽ | മൂന്ന് മാസം |
| ശാസ്ത്രലാബ് നവീകരണം | ഫിസിക്സ് ,കെമിസ്ട്രി , ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം സജ്ജീകരിക്കൽ | ജനവരി മുതൽ ഒര് മാസം |

## അക്കാദമിക മാസ്റ്റർ പ്ലാൻ – ജിവശാസ്ത്രം

| ലക്ഷ്യം | പ്രവത്തനം | കാലം |
|---|---|---|
| പരിസ്ഥിതി ബോധവത്കരണം | പരിസ്ഥിതി ദിനത്തിൽ വൃക്ഷതൈ നട്ടുപിടിപ്പിക്കൽ | ജൂൺ |
| ലാബ് ുപയോഗ നൈപുണ്യങ്ങൾ | ലാബ് സുരക്ഷാ പരിശീലനം മൈക്രോസ്കോപ്പ് പരിചയം | ജൂലായ് |
| ജൈവവൈവിദ്യം പരിചയപ്പെടൽ | സ്കൂൾ പരിസരത്തെ സസ്യങ്ങളുടെ പട്ടിക തയ്യാറാക്കൽ | ആഗസ്റ്റ് ,സെപ്റ്റംബർ |
| അറിവ് മികവ് പരീക്ഷിക്കൽ | സ്കൂൾ തല ക്വിസ് | ഒക്ടോബർ |
| ഗവേഷണ വൈദഗ്ധ്യം വളർത്തൽ | വിദ്യാർത്ഥികൾക്ക് ചെറിയ ഗവേഷണ പദ്ധതി പ്രോജക്റ്റ് | നവംമ്പർ, ഡിസംബർ |
| പാഠഭാഗം പുനരാവർത്തനം | പിയർ ഗ്രൂപ്പ് , റിവിഷൻ ക്ലാസ് | ജനുവരി , ഫെബ്രുവരി |

# അക്കാദമിക മാസ്റ്റർ പ്ലാൻ – കണക്ക്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ആശയ ധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്ററ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | അധ്യാപകർ,മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമന്റ് ബോക്സിന്റെ ലഭ്യത, ശില്പ ശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | |
| 3 | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രപ്പ് സംഘടിപ്പിക്കുക | **ഒരു ടേമിൽ ഒന്ന്** | അധ്യാപകർ,പി.ടി.എ | |
| 4 | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു, ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ,ഗണിത ക്ലബ് | പി. ടി.എ |
| 5 | സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ,സംഘ തലവൻ | |
| 6 | അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിശയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ,ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | അക്കാദമിക വർഷം, **തുടർ പ്രവർത്തനം** | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7 | ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ. | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്, മാനേജ്മെന്റ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - മലയാളം

## യു പി വിഭാഗം

| | ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|---|
| 1 | മലയാളം അടിസ്ഥാന അറിവ് (എഴുത്ത്,വായന) എല്ലാവരിലും ഉണ്ടെന്ന് ഉറപ്പാക്കൽ.<br>ഭാഷാപരിമിതി നേരിടുന്നവരെ കണ്ടെത്തി എഴുതാനും വായിക്കാനും ഉള്ള ശേഷി വർധിപ്പിക്കൽ .<br>അധികപഠനപിന്തുണ വേണ്ടവരെ കണ്ടെത്തൽ | പ്രീടെസ്റ്റ് | ജൂൺ ആദ്യ വാരം |
| 2 | അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിഞ്ഞ് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നു.<br>അക്ഷരങ്ങൾ , ചിഹ്നങ്ങൾ സഹിതം എഴുതാനും വായിക്കനും കഴിയുന്നു. | അക്ഷരമാലപ്രദർശനം അക്ഷരകാർഡ് എന്നിവയിലൂടെ അക്ഷരങ്ങൾ പരിചയപ്പെടുത്തുന്നു. | ജൂൺ- ജൂലായ് |
| 3 | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം , ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക . | അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി വളർത്തുന്നു. | ജൂലായ് |
| 4 | | വാക്കുകളിൽ നിന്നും വാക്യത്തിലേക്കും അക്ഷരങ്ങളും ചിഹ്നങ്ങളും | ജൂലായ് - ആഗസ്റ്റ് |

| | | | |
|---|---|---|---|
| | | ഉൾപ്പെട്ട കാർഡുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | |
| 5 | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പാക്കുക . | പത്രം,ബാലസാഹിത്യ കൃതികൾ എന്നിവ വായിച്ച് ഉച്ചാരണശുദ്ധി വളർത്തുന്നു. | പ്രതിദിനം |
| 6 | സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ . | ലൈബ്രറി പുസ്തകങ്ങൾ പരിചയപ്പെടൽ . | പ്രതിമാസം |
| 7 | പഠിതാക്കളുടെ കലാവാസന പരിപോഷിപ്പിക്കൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക് വർഷം |
| 8 | മലയാളം അക്ഷരതെറ്റില്ലാതെ എഴുതാൻ പരിശീലിപ്പിക്കുന്നു. | ഡയറി എഴുത്ത് . | പ്രതിദിനം |

# ACADEMIC MASTER PLAN ENGLISH -UP

| ACTIVITY | IMPLEMENTATION | DURATION | IN CHARGE |
|---|---|---|---|
| Hello English | Basic English speaking games(greetings,brainstorming) | Weekly | English Teacher |
| Read aloud circle | Daily short story or poem or poem reading in small groups with role play elements | Monthly | Class Teacher |
| Grammar fun days | Basic grammar games(tenses, prepositions) | Weekly | English Teacher |
| Speak Out | Simple speaking competition(self introduction) | Weekly | English teacher |
| Creative writing corners | Short paragraph writing on given prompts with illustrations. | Monthly | English Teacher |
| Dictionary project | Make personal mini dictionaries with 5 new words in each week | Monthly | English Teacher |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**ഉപമേഖല: യു പി ഹിന്ദി ഭാഷ ക്ലാസ് തലം**

| പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|
| കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 5,6 ,7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷസുഗമ മാ വായിക്കാ എഴുതാനും സംസാരി ക്കാനും ആശയവി നിമയം നടത്താനു ശേഷി വർധിപ്പിക്ക CWSN SLOW LEARNERS കുട്ടികൾ ക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന, ഭാഷാപോഷിണി പ്രവർത്തനങ്ങൾ. പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു CWSN SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | ജൂൺ രണ്ടാം വാരം | 5,6 ,7 | ഹിന്ദി അധ്യാപക ർ, മറ്റു ഭാഷാധ്യാപർ | |
| ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണം,ആഴ്ച,മാസം, എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 5,6 ,7 | ഹിന്ദി അധ്യാപകർ | |
| CWSN SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6 ,7 | ഹിന്ദി അധ്യാപകർ | |
| ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, | ആഴ്ചയിൽ ഒരു | 5,6 ,7 | ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | പ്രാവശ്യം | | | |
| ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായ ി ബന്ധപ്പെട്ട് | 5,6 ,7 | ഹിന്ദി അധ്യാപകർ | |
| കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക | ജനുവരി | 5,6 ,7 | ഹിന്ദി അധ്യാപകർ | |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിന ം | 5,6 ,7 | ഹിന്ദി അധ്യാപകർ | |
| ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം . ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 5,6 ,7 | ഹിന്ദി അധ്യാപകർ | |
| കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം | 6 മാസം | 5,6 ,7 | ഹിന്ദി അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു.പി.സോഷ്യൽ സയൻസ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ ആശയങ്ങൾ ഇവ നേടിയെടുക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രവർത്തനങ്ങൾ നൽകുന്നു. | അക്കാദമിക വർഷാരംഭം |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക | ഐ.സി.ട്ടി സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശപ്പിച്ച് കുട്ടികളിൽ ചരിത്ര അവബോധം വളർത്തുക | അക്കാദമിക വർഷാരംഭം |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ , വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിതിപത്യരീതിയിലെ അടിസ്ഥാനതലം മനസിലാക്കുന്നു | ഒര് വർഷം |
| സഹജീവികളോട് സമഭാവന വളർത്തിഎടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ചസ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു | ഒര് വർഷം |
| ക്ലാസ് ഭരണഘടന മുന്നോട്ട് വെയ്ക്കുന്ന മൂല്യങ്ങൾ ഉൾക്കൊണ്ട് ജീവിക്കാൻ പ്രാപ്തനാക്കുക | ഇന്ത്യൻ ഭരണഘടനയുടെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ക്ലാസ് ഭരണഘടന തയ്യാറാക്കൽ | ഒര് വർഷം |
| ഭിന്നശേശിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കാനുള്ള മനോഭാവം | ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സ്ഥലങ്ങൾ സന്ദർശിച്ച് അവർ നേരിടുന്ന പ്രതിസന്ധികൾ പരിഹാരങ്ങൾ എന്നിവ തിരിച്ചറിയുന്നതിന് | ഒര് വർഷം |

# അക്കാദമിക മാസ്റ്റർ പ്ലാൻ : സയൻസ് യു.പി. വിഭാഗം

| മേഖല യു.പി. സയൻസ് | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1) ജീവിത സാഹചര്യങ്ങ ളിൽ നിന്നും ചുറ്റുപാടുക ളിൽ ശാസ്ത്രത്തെ തിരിച്ചറിയൽ<br><br>2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപ കരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ്<br><br>ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ യുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജന പ്പെടുത്തുക. | നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്: ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം.<br>കണ്ടറിയാനൊരു യാത്ര<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ<br>പരീക്ഷണക്കളരി<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്-തുക്കൾ ഉപയോ ഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു<br><br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആദിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവത രിപ്പിക്കാനുള്ള അവസരം നൽകുന്നു. ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലു കൾ അടങ്ങിയ പരീക്ഷണങ്ങൾഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. ഐസിടി യുടെ സഹായത്തോടെ ശാസ്ത്രവിസ്മയം കുട്ടികളിലേക്ക് എത്തിക്കുന്നു | **അക്കാദമിക് വർഷം** |

## അക്കാദമിക മാസ്റ്റർ പ്ലാൻ : ഗണിതം യു.പി. വിഭാഗം

| | ലക്ഷ്യം | പ്രവർത്തന | കാലം | ചുമതല |
|---|---|---|---|---|
| 1 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | ഗണിത ശില്പശാല കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.നമ്പർ കാർഡ്, മഞ്ചാടി,മുത്തുകൾ,കാർഡ് തുടങ്ങിയവ ഉപയോഗിക്കുന്നു. | ജൂൺ,ജൂലായ് മാസങ്ങൾ | ഗണിത അധ്യാപകർ, ഗണിതത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾ |
| 2 | ഗണിത പ്രവർത്തനൾ സുഗമമാക്കൽ. | വിദ്യാലയത്തിൽ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | 2025- 26 വർഷം | അധ്യാപകർ ഗണിതക്ലബിലെ അംഗങ്ങൾ |
| 3 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടകളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്ക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി , ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു . പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് , സ്കൂൾ വിട്ടതിനു ശേഷം അര മണിക്കൂർ | അധ്യാപകർ സമർത്ഥരായ കുട്ടികൾ |
| 4 | വിവിധ ശേഷികളുടെ വികസനം | ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു,സംഘടിപ്പിക്കുന്നു . | ആവശ്യാനുസരണം | SRG |

# കലാകായികം അക്കാദമിക മാസ്റ്റർ പ്ലാൻ: രൂപരേഖ

കലാപരമായതും കായികപരമായതുമായ കഴിവുകൾക്ക് ഊന്നൽ നൽകുന്ന ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപീകരിക്കുന്നത് വിദ്യാർത്ഥികളുടെ സമഗ്രമായ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. പഠനത്തോടൊപ്പം സർഗ്ഗാത്മകതയും കായികക്ഷമതയും വികസിപ്പിക്കാൻ ഇത് സഹായിക്കും. അങ്ങനെയൊരു പ്ലാൻ എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ചുള്ള ഒരു രൂപരേഖ താഴെ നൽകുന്നു:

1. ലക്ഷ്യങ്ങൾ നിർണ്ണയിക്കുക

ആദ്യം, ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്താണെന്ന് വ്യക്തമാക്കണം.

* വിദ്യാർത്ഥികളിൽ കലാപരമായ അഭിരുചികളും കഴിവുകളും വളർത്തുക.
* കായികപരമായ ആരോഗ്യം, അച്ചടക്കം, കായികബോധം എന്നിവ പ്രോത്സാഹിപ്പിക്കുക.
* പഠനത്തോടൊപ്പം കലാ-കായിക പ്രവർത്തനങ്ങളിലൂടെ മാനസികോല്ലാസം ഉറപ്പാക്കുക.
* പ്രതിഭകളെ കണ്ടെത്തി പരിപോഷിപ്പിക്കുക.
* വിദ്യാർത്ഥികളുടെ സാമൂഹികവും വൈകാരികവുമായ കഴിവുകൾ മെച്ചപ്പെടുത്തുക.

2. പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തൽ

കലാകായിക വിഷയങ്ങളെ പാഠ്യപദ്ധതിയുടെ അവിഭാജ്യ ഘടകമാക്കുക.

* നിർബന്ധിത വിഷയങ്ങൾ: ആഴ്ചയിൽ നിശ്ചിത മണിക്കൂറുകൾ കലാവിഷയങ്ങൾക്കും കായിക വിഷയങ്ങൾക്കും മാറ്റിവെക്കുക. സംഗീതം, നൃത്തം, ചിത്രകല, നാടകം തുടങ്ങിയ വിഷയങ്ങളും വിവിധ കായിക ഇനങ്ങളും ഇതിൽ ഉൾപ്പെടുത്താം.
* തിരഞ്ഞെടുക്കാവുന്ന വിഷയങ്ങൾ: വിദ്യാർത്ഥികൾക്ക് അവരുടെ താൽപ്പര്യങ്ങൾക്കനുസരിച്ച് തിരഞ്ഞെടുക്കാവുന്ന വിഷയങ്ങൾ (Elective subjects) നൽകുക. ഉദാഹരണത്തിന്, യോഗ, കരാട്ടെ, ഉപകരണ സംഗീതം, ആയോധനകലകൾ തുടങ്ങിയവ.
* സംയോജിത പഠനം: മറ്റ് വിഷയങ്ങളുമായി കലാകായിക പ്രവർത്തനങ്ങളെ ബന്ധിപ്പിക്കുക. ഉദാഹരണത്തിന്, ചരിത്ര ക്ലാസ്സിൽ നാടൻ കലാരൂപങ്ങളെക്കുറിച്ച് പഠിപ്പിക്കുക, ഗണിതം പഠിക്കാൻ കളികൾ ഉപയോഗിക്കുക.

3. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക

കലാകായിക പ്രവർത്തനങ്ങൾക്കായി ആവശ്യമായ സൗകര്യങ്ങൾ ഒരുക്കണം.

* കളിസ്ഥലങ്ങൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ, മൾട്ടി പർപ്പസ് ഹാളുകൾ.
* കലാ പഠനത്തിനുള്ള സ്റ്റുഡിയോകൾ (സംഗീതം, നൃത്തം, ചിത്രകല).
* ആവശ്യമായ ഉപകരണങ്ങൾ (കായിക ഉപകരണങ്ങൾ, സംഗീതോപകരണങ്ങൾ, ചിത്രരചനാ സാമഗ്രികൾ).

* പ്രകടനങ്ങൾക്കുള്ള വേദി/ഓഡിറ്റോറിയം.

മത്സരങ്ങളും പ്രകടനങ്ങളും സംഘടിപ്പിക്കുക

വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരങ്ങൾ നൽകുക.

* സ്കൂൾ തലത്തിലും ഇന്റർ-സ്കൂൾ തലത്തിലും കലാകായിക മത്സരങ്ങൾ നടത്തുക.

* വാർഷിക കലാകായിക മേളകൾ, കലോത്സവങ്ങൾ, സ്പോർട്സ് മീറ്റുകൾ.

* വിദ്യാർത്ഥികളുടെ കലാപ്രകടനങ്ങൾ പൊതുജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കാനുള്ള വേദികൾ ഒരുക്കുക.

6. ആരോഗ്യം, പോഷകാഹാരം, മാനസികാരോഗ്യം

കായികക്ഷമതയ്ക്ക് ഊന്നൽ നൽകുന്നതിനാൽ, വിദ്യാർത്ഥികളുടെ ആരോഗ്യത്തിനും പോഷകാഹാരത്തിനും ശ്രദ്ധ നൽകണം.

* ആരോഗ്യകരമായ ഭക്ഷണശീലങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകുക.

* മാനസികാരോഗ്യ കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.

* ആരോഗ്യ പരിശോധനകൾ നടത്തുക.

7. പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക

അധ്യാപകർ, രക്ഷിതാക്കൾ, സമൂഹം എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കുക.

* കലാകായിക പ്രവർത്തനങ്ങളിൽ രക്ഷിതാക്കളെ പങ്കെടുപ്പിക്കുക.

* കമ്മ്യൂണിറ്റി അംഗങ്ങളുടെ സഹായം തേടുക (ഉദാഹരണത്തിന്, പ്രാദേശിക കലാകാരന്മാരെയും കായിക താരങ്ങളെയും അതിഥികളായി ക്ഷണിക്കുക).

* പ്രദേശിക ക്ലബ്ബുകളുമായും സ്ഥാപനങ്ങളുമായും സഹകരിക്കുക.

8. വിലയിരുത്തലും പുരോഗതി നിരീക്ഷണവും

മാസ്റ്റർ പ്ലാനിന്റെ ഫലപ്രാപ്തി വിലയിരുത്തുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യുക.

* വിദ്യാർത്ഥികളുടെ പുരോഗതി രേഖപ്പെടുത്തുക.

* പ്രതികരണങ്ങൾ ശേഖരിക്കുക (അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ).